**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1811** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നുള്ള സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നുള്ള എത്ര സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും പിന്നീട് ഇതിൽ എത്ര സർവീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | കോവിഡ് കാലത്ത് പെരിന്തൽമണ്ണ യൂണിറ്റിലെ നിർത്തിവെച്ച 15.10 തിരുവനന്തപുരം, 18.30 തിരുവനന്തപുരം, 05.00 താമരശ്ശേരി, 07.00 കൊയിലാണ്ടി, 08.00 കൊയിലാണ്ടി, 09.00 കൊയിലാണ്ടി എന്നീ 6 (ആറ്) സർവ്വീസുകളിൽ 15.10 തിരുവനന്തപുരം, 18.30 തിരുവനന്തപുരം എന്നീ 2 (രണ്ട്) സർവ്വീസുകൾ യാത്രക്കാർ കുറവായതിനാലും പ്രവർത്തന ചെലവ് പോലും ലഭിക്കാതെ വന്നതിനാലും പുനരാരംഭിച്ചിട്ടില്ല.<br><br>എന്നാൽ 05.00 താമരശ്ശേരി, 07.00 കൊയിലാണ്ടി, 08.00 കൊയിലാണ്ടി, 09.00 കൊയിലാണ്ടി എന്നീ 4 (നാല്) സർവ്വീസുകളുടെ ജനോപകാരപ്രദമായ പ്രധാന ട്രിപ്പുകൾ പുനക്രമീകരിച്ച് സർവ്വീസ് നടത്തി വരുന്നു. |
| (ബി) | ബാക്കിയുള്ള സർവീസുകൾ പുനരാരംഭിക്കാത്തത് എന്ത് കൊണ്ടാണെന്ന് അറിയിക്കുമോ; | (ബി) | കോവിഡ് കാലത്ത് പെരിന്തൽമണ്ണ യൂണിറ്റിലെ നിർത്തിവെച്ച 15.10 തിരുവനന്തപുരം, 18.30 തിരുവനന്തപുരം, 05.00 താമരശ്ശേരി, 07.00 കൊയിലാണ്ടി, 08.00 കൊയിലാണ്ടി, 09.00 കൊയിലാണ്ടി എന്നീ 6 (ആറ്) സർവ്വീസുകളിൽ 15.10 തിരുവനന്തപുരം, 18.30 തിരുവനന്തപുരം എന്നീ 2 (രണ്ട്) സർവ്വീസുകൾ യാത്രക്കാർ കുറവായതിനാലും പ്രവർത്തന ചെലവ് പോലും ലഭിക്കാതെ വന്നതിനാലും പുനരാരംഭിച്ചിട്ടില്ല.<br><br>എന്നാൽ 05.00 താമരശ്ശേരി, 07.00 കൊയിലാണ്ടി, 08.00 കൊയിലാണ്ടി, 09.00 കൊയിലാണ്ടി എന്നീ 4 (നാല്) സർവ്വീസുകളുടെ ജനോപകാരപ്രദമായ പ്രധാന ട്രിപ്പുകൾ പുനക്രമീകരിച്ച് സർവ്വീസ് നടത്തി വരുന്നു. |
| (സി) | റൂട്ട് ഫോർമേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഗ്രാമീണ | (സി) | ജനകീയ സദസ്സിൽ സ്വീകരിച്ച റൂട്ട് ഫോർമുലേഷൻ അപേക്ഷകളിൽ നിന്നും 503 റൂട്ടുകൾ വെറ്റ് ചെയ്ത്, ദക്ഷിണമേഖലാ ഡി.റ്റി.സി.യിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | റൂട്ടുകളിൽ ബസ് സർവീസുകൾ ആരംഭിക്കുന്ന കാര്യം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | | ജില്ലാടിസ്ഥാനത്തിലുള്ള റൂട്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നും കോയമ്പത്തൂർ, പൊള്ളാച്ചി, ബാംഗ്ലൂർ, കോഴിക്കോട്-പാലക്കാട് എന്നീ റൂട്ടുകളിലേക്ക് ദീർഘദൂര, സൂപ്പർ ഫാസ്റ്റ് എ.സി. ബസ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അയൽസംസ്ഥാനങ്ങളുമായി കാലാകാലങ്ങളിൽ രൂപീകരിക്കുന്ന അന്തർസംസ്ഥാന കരാറിലെ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന സർവ്വീസുകൾ നിലവിൽ നടത്തി വരുന്നത്.<br><br>നിലവിലുള്ള അന്തർസംസ്ഥാന കരാറുകൾ പ്രകാരം പെരിന്തൽമണ്ണ വഴി ബാംഗ്ലൂരിലേയ്ക്ക് പ്രതിദിനം ഒരു എ.സി ഗരുഡ ഉൾപ്പെടെ 4 സർവ്വീസുകൾ നടത്തി വരുന്നു.<br><br>എന്നാൽ പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നും കോയമ്പത്തൂർ, പൊള്ളാച്ചി എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമായിട്ടുള്ള എ.സി. ശ്രേണിയിലുള്ള സൂപ്പർ ഫാസ്റ്റ് ബസ്സുകൾ പരിമിതമായതിനാൽ നിലവിൽ ടി ശ്രേണിയിലുള്ള സർവ്വീസുകൾ ആരംഭിക്കുവാൻ നിലവിൽ നിർവ്വാഹമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ